ശ്രദ്ധക്ഷണിക്കൽ

## പെൻഷൻകാരുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കൽ

ശ്രീ. സി. മോയിൻകുട്ടി: നാടിന്റെ വികസനത്തിലും സംസ്ഥാനത്തിന്റെ വളർച്ചയിലും നേട്ടങ്ങൾ കൊയ്തെടുക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച പെൻഷൻ പറ്റിയ ജീവനക്കാരുടെ പ്രശ്നങ്ങളാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അങ്ങയുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. പ്രായമേറിയവരും രോഗികളുമായിട്ടുള്ള ഇവരിൽ നിരവധിപേർ വളരെ ദുരിതത്തിലാണ്. ഇന്നത്തെ സുഖസൗകര്യങ്ങളൊന്നുമില്ലാത്ത കാലത്ത് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്മാരിൽ പലരും ഇന്ന് വൃദ്ധരും അവശരും ഗൗരവതരമായ പരിഗണന അർഹിക്കുന്നവരുംകൂടിയാണ്. അഞ്ചരലക്ഷത്തോളം വരുന്ന പെൻഷൻകാർ ജീവിത സായാഹ്നത്തിൽ സർക്കാരിന്റെ പ്രത്യേകമായ കരുണയും ആദരവും അർഹിക്കുന്നവരാണ്. പ്രധാനമായും രോഗ-ചികിത്സാ കാര്യങ്ങളിലാണ് ബുദ്ധിമുട്ട് അനുഭവിക്കുന്നത്. പ്രതിമാസം 300 രൂപയാണ് ചികിത്സാ അലവൻസായി നല്കിക്കൊണ്ടിരിക്കുന്നത്. വാർദ്ധക്യവും രോഗവും നേരിടുന്ന പെൻഷൻകാർക്ക് ഈ തുക ഒന്നിനും മതിയാകില്ല എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നന്നായി അറിയാവുന്നതുമാണ്. ഈ സാഹചര്യത്തിൽ ചില നിർദ്ദേശങ്ങൾ അങ്ങയുടെ ഗൗരവമേറിയ ചിന്തയ്ക്കും പരിഗണനയ്ക്കുമായി സമർപ്പിക്കുകയാണ്. സംസ്ഥാനത്തെ മുഴുവൻ പെൻഷൻകാരും ചികിത്സ വേണ്ടവരല്ല. ഒരു ചെറിയ വിഭാഗമാണ് ദുരിതമനുഭവിക്കുന്നത്. അത്തരം ആളുകൾക്ക് 300 രൂപ ഒന്നിനും തികയാതെ വരുന്നു. 5 ലക്ഷത്തിലധികം വരുന്ന പെൻഷൻകാർക്ക് 300 രൂപവച്ച് 15

കോടി രൂപയാണ് പ്രതിമാസച്ചെലവ്. ഒരു വർഷമാകുമ്പോൾ അത് 180 കോടി രൂപയായി വർദ്ധിക്കും. ഏതെങ്കിലും മെഡിക്കൽ ഇൻഷുറൻസ് കമ്പനിയുമായി എഗ്രിമെന്റിൽ ഏർപ്പെട്ട് ഈ തുക അവർക്ക് നൽകി പെൻഷൻകാർക്ക് പൂർണ്ണമായും സൗജന്യ ചികിത്സ നല്കുന്ന കാര്യം അങ്ങേയ്ക്ക് പരിഗണിച്ചുകൂടേ; സ്വകാര്യ മെഡിക്കൽ ഇൻഷൂറൻസ് കമ്പനികൾ അതിന് തയ്യാറാകുന്നില്ലെങ്കിൽ സർക്കാർതലത്തിൽ മറ്റെന്തെങ്കിലും ബദൽ ഫോർമുല ആലോചിക്കാവുന്നതാണ്. വർഷംതോറും ചെലവിടുന്ന തുക മൂലധനമായി നിശ്ചയിച്ചുകൊണ്ട് സർക്കാർ മേഖലയിൽ മെഡിക്കൽ ഇൻഷുറൻസ് കമ്പനി തുടങ്ങുകയും ചികിത്സ വേണ്ടിവരുന്ന ചെറിയ വിഭാഗം പെൻഷൻകാർക്ക് ആശ്വാസമാകുന്നതരത്തിൽ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്. സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ജില്ലാ– താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ആലോചിക്കണം. ചികിത്സക്കും മരുന്നിനും തുക ഈടാക്കാൻ തീരുമാനിക്കുകയാണെങ്കിൽ പെൻഷൻകാരുടെ മെഡിക്കൽ അലവൻസിനുവേണ്ടി നീക്കിവച്ച ഫണ്ടിൽനിന്നും ഈ തുക നൽകാൻ സാധിക്കും. കേരള സ്റ്റേറ്റ് മെഡിക്കൽ കോർപ്പറേഷനെ ചുമതലപ്പെടുത്തി ഒരു മെഡിക്കൽ ഫണ്ടിന് രൂപം നല്കുന്ന കാര്യം അങ്ങ് പരിഗണിക്കണം. പെൻഷനാകുന്ന ഉദ്യോഗസ്ഥർക്ക് ഹെൽത്ത് കാർഡ് നടപ്പാക്കി അവരുടെ ചികിത്സയ്ക്ക് പരിഗണന നല്കേണ്ടത് ഗവൺമെന്റിന്റെ ബാധ്യതയാണ്. ഹെൽത്ത് കാർഡ് നൽകുന്നത് തീർച്ചയായും അവർക്കൊരു അംഗീകാരം കൂടിയാണ്. സർക്കാർ ഇക്കാര്യത്തിൽ ഇച്ഛാശക്തി കാണിക്കണ

മെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. സർക്കാരിന് അധികബാധ്യത ഉണ്ടാകാത്തതരത്തിൽ മെഡിക്കൽ അലവൻസ് തുകയായ 300 രൂപ മൊബിലൈസ് ചെയ്ത് ലഭിക്കുന്ന അധികതുകയായ 180 കോടി രൂപ മാത്രം ചെലവഴിച്ച് ഇക്കാര്യം നടപ്പിലാക്കാവുന്നതാണ്. ഈ വിഷയം സംബന്ധിച്ച് ഒരു പഠനം നടത്താൻകൂടി ഗവൺമെന്റ് തയ്യാറാകണം. സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്ക്കരിക്കുന്നതോടൊപ്പം പെൻഷൻകൂടി പരിഷ്ക്കരിക്കണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്കാവശ്യപ്പെടാനുള്ളത്. ഇക്കാര്യം സർക്കാർ നിയമിച്ച പത്താം ശമ്പള കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയതിനെ അഭിനന്ദിക്കുന്നു. അതോടൊപ്പം പെൻഷൻകാരുടെ ചിരകാലാഭിലാഷമായ കേന്ദ്ര നിരക്കിലുള്ള പെൻഷൻ അനുവദിക്കുന്ന കാര്യംകൂടി പരിഗണിക്കേണ്ടതാണ്. നിലവിൽ കേന്ദ്ര ജീവനക്കാർക്ക് സൗജന്യ ചികിത്സാ സൗകര്യമാണ് ലഭിക്കുന്നത്. സ്വകാര്യ ആശുപത്രികളെ എൻലിസ്റ്റ് ചെയ്ത് അവർ മുഖേന നല്കുന്ന ചികിത്സാ പദ്ധതി മാതൃകാപരമാണ്. ഇക്കാര്യത്തിൽ സംസ്ഥാന ഇൻഷൂറൻസ് വകുപ്പ് ഗവൺമെന്റിന് ഒരു പ്രൊപ്പോസൽ നല്കിയതായി അറിയാൻ കഴിഞ്ഞു. ഗവൺമെന്റുതലത്തിൽ പരിശോധിച്ചുവരുന്ന ഈ വിഷയം പരിഗണിക്കണം. പെൻഷൻകാരുടെ വിവിധ പ്രശ്നങ്ങളുടെ പരിഹാരത്തിന് ഒരു പെൻഷൻ ഡിപ്പാർട്ടുമെന്റ് തുടങ്ങണമെന്ന നിർദ്ദേശം സർക്കാർ അംഗീകരിച്ചിട്ടില്ല. ഇത് പരിഗണിക്കണം. നിലവിലുള്ള ധനകാര്യ വകുപ്പിലെ ഒരു വിഭാഗം ഉദ്യോഗസ്ഥരാണ് പെൻഷൻകാരുടെ ആവശ്യങ്ങൾ കൈകാര്യം ചെയ്യുന്നത്. ഒരു നിശ്ചിത പ്രായപരിധി കഴിഞ്ഞ പെൻഷൻകാർക്ക് അധിക പെൻഷൻ അനുവദിക്കണമെന്ന ആവശ്യത്തിനും പഴക്കമേറെയാണ്. ചുരുങ്ങിയത് 75–

80 വയസ്സിനുമുകളിലുള്ള ആളുകളെയെങ്കിലും ഈ പരിഗണനയിൽ ഉൾപ്പെടുത്തണം. പ്രായവും രോഗവും കൂടുമ്പോഴുണ്ടാകുന്ന ചെലവും ദുരിതവും പരിഗണിച്ച് ഈ കാര്യം പരിശോധിക്കണം. 'വൺ മാൻ വൺ പെൻഷൻ' പദ്ധതി ഭാഗീകമായാണ് നടപ്പിലാക്കിയിട്ടുള്ളത്. സ്റ്റേജ് ആനുകൂല്യങ്ങൾ അനുവദിച്ചുകൊണ്ട് 'വൺ മാൻ വൺ പെൻഷൻ' കാലികമായി പരിഷ്ക്കരിച്ച് ഇക്കാര്യത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുകൂടി നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുകയാണ്. അതോടൊപ്പം ഒരു മാസത്തെ പെൻഷനുതുല്യമായ തുക ഉത്സവബത്ത യായി നല്കുന്ന കാര്യം ഗൗരവമായി കാണണം. മറ്റ് സംസ്ഥാന സർക്കാരു കൾ നല്കുന്നതായാണ് അറിയാൻ സാധിച്ചത്. വളരെ ഗൗരവതരമായ ഈ വിഷയങ്ങൾ അങ്ങയുടെ സജീവ പരിഗണനയ്ക്കുവേണ്ടി സമർപ്പിക്കുക യാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. മോയിൻകുട്ടി, കേരളത്തിലെ പെൻഷൻകാരുടെ പ്രധാനപ്പെട്ട ആവ ശ്യങ്ങളും പ്രശ്നങ്ങളുമാണ് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കു ന്നത്. ജീവിതകാലം മുഴുവൻ സമൂഹത്തിനും നാടിനുംവേണ്ടി പ്രവർത്തിച്ച് പെൻഷൻ പറ്റിയവർക്ക് അവരുടെ ജീവിത സായാഹ്നകാലത്ത് കഴിയുന്ന സഹായങ്ങളൊക്കെ ചെയ്തുകൊടുക്കണമെന്ന സമീപനം തന്നെയാണ് ഗവൺമെന്റിനുള്ളത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഇപ്രാവശ്യത്തെ ശമ്പളക്കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പെൻഷൻകാരുടെ കാര്യം പ്രത്യേകം ഉൾക്കൊള്ളിച്ചിട്ടുണ്ട്. ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നതോടൊപ്പംതന്നെ പെൻഷൻകാരുടെ പ്രശ്നത്തിനും

പരിഹാരമുണ്ടാക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. മുഖ്യമായും അദ്ദേഹം ഇവിടെ ഉന്നയിച്ചത് മെഡിക്കൽ അലവൻസിനെക്കുറിച്ചാണ്. പ്രതിമാസം 300 രൂപ വീതമാണ് അലവൻസിനത്തിൽ ഇപ്പോൾ നൽകുന്നത്. ഈ തുക തികച്ചും അപര്യാപ്തമാണ് എന്നുപറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. പക്ഷേ ഗവൺമെന്റിന് സാമ്പത്തികമായ പരിമിതികളുണ്ട്. ഇപ്പോൾത്തന്നെ ഗവൺമെന്റ് 180 കോടി രൂപ മെഡിക്കൽ അലവൻസിനു മാത്രമായി ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഈ അവസരത്തിൽ സംസ്ഥാനം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം പെൻഷനുവേണ്ടിയുള്ള തുക കൂടി കണ്ടെത്തുക എന്നുള്ളതാണ്. കെ.എസ്.ആർ.ടി.സി. പോലുള്ള സ്ഥാപനങ്ങളിൽ പെൻഷൻ മുടങ്ങുകവരെയുണ്ടായി. അവിടെ ശാശ്വതമായ ഒരു പരിഹാരം എങ്ങനെ ഉണ്ടാക്കാൻ കഴിയുമെന്നുള്ളതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റിന് കൊടുക്കാൻ കഴിയുന്നതിന്റെ പരിധിക്കുള്ളിൽനിന്നുകൊണ്ട് പെൻഷൻകാർക്ക് മെഡിക്കൽ അലവൻസ് നൽകുന്നുണ്ട്. വാർദ്ധക്യകാല അസുഖങ്ങൾ വരുന്ന സമയത്ത് ഇത്രയും കുറഞ്ഞ തുക നൽകുന്നത് വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട് എന്നുള്ള കാര്യം വാസ്തവമാണ്. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഇൻഷൂറൻസ് സ്കീമിനെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. നാഷണൽ പെൻഷൻ സ്കീം കേരളത്തിലും ഇപ്പോൾ നടപ്പിലാക്കിക്കഴിഞ്ഞു. പ്രായപരിധി, പ്രീമിയം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ഇൻഷുറൻസ് കമ്പനികളുമായി ചർച്ചചെയ്ത് പരിശോധിച്ചതിനുശേഷം സംസ്ഥാനത്തെ പെൻഷൻകാർക്കായി ഒരു സമഗ്ര ആരോഗ്യ ഇൻഷുറൻസ്

പദ്ധതി നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ് എന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു.

ശ്രീ. സി. മോയിൻകുട്ടി: സർ, കേന്ദ്ര ഭരണകൂടം 80 വയസ്സുകഴിഞ്ഞ ആളുകൾക്ക് അഡീഷണൽ പെൻഷൻ അനുവദിക്കുന്നതായി അറിയാൻ കഴിഞ്ഞു. മറ്റ് പല സംസ്ഥാനങ്ങളും ഈ നിലപാട് സ്വീകരിക്കുന്നുണ്ട്. ഒട്ടേറെ പുതിയ നിയമ നിർമ്മാണങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ നിയമസഭ തീർച്ചയായും ഇത് ഗൗരവമായി കാണുമോ; മറ്റ് സംസ്ഥാനങ്ങൾ കൊടുക്കുന്നതുപോലെ 80 വയസ്സിനു മുകളിലുള്ള ആളുകൾക്കെങ്കിലും ഇത്തരം പ്രത്യേക ആനുകൂല്യങ്ങൾ നൽകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുമൂലമുണ്ടാകുന്ന സാമ്പത്തികബാധ്യതയും മറ്റ് സംസ്ഥാനങ്ങളിൽ എങ്ങനെയാണ് ഇത് നടപ്പിലാക്കിയത് എന്നതിനെക്കുറിച്ചും പരിശോധിക്കാതെ ഈ വിഷയത്തിന്മേൽ നേരിട്ട് മറുപടി പറയാൻ സാധിക്കില്ല. ഏതായാലും ബഹുമാനപ്പെട്ട മെമ്പർ മുന്നോട്ടുവച്ച നിർദ്ദേശം പരിശോധിക്കും.

## (2) ഇന്ദിരാ ആവാസ് യോജന

ശ്രീ. എ. കെ. ബാലൻ: സർ, കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ 1985-86-ൽ ഗ്രാമീണ തൊഴിൽദാന പദ്ധതിയുടെ ഭാഗമായി രൂപം കൊണ്ടതാണ് എൻ.ആർ.ഇ.ജി.പി., ആർ.എൽ.ഇ.ജി.പി. എന്നീ പദ്ധതികൾ. ഇതിന്റെ ഭാഗമായി 1996-ൽ രൂപം കൊണ്ടതാണ് ഇന്ദിരാ ആവാസ് യോജന. പാവപ്പെട്ടവർക്ക് വീടുനിർമ്മാണവുമായി ബന്ധപ്പെട്ടതും ഇന്ത്യയിൽ ശ്രദ്ധിക്കപ്പെട്ടതുമായ ഈ പദ്ധതി കേരളത്തിൽ ഇന്ന് പൊളിയുകയാണ്. ഈ

ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2012-13 കാലയളവിൽ 89,000 വീടാണ് ലക്ഷ്യമിട്ടത്. എന്നാൽ ഇത് പല ഘട്ടങ്ങളിലായി മുടങ്ങിക്കിടക്കുകയാണ്. പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങൾ, ന്യൂനപക്ഷ വിഭാഗങ്ങളടക്കമുള്ള പാവങ്ങളുടെ ഭവന നിർമ്മാണ പദ്ധതി ഇന്ന് പ്രതിസന്ധിയിലാണ്. ഈ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കപ്പെട്ടവർക്ക് വീടിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുന്നില്ല. ഒന്നാം ഗഡു കിട്ടിയതിനെത്തുടർന്ന് ഉള്ള കുടിലുകൾ പൊളിച്ച് പണി ആരംഭിച്ചപ്പോൾ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാതെ ഇവർ പെരുവഴിയിലായി. കാലവർഷം തുടങ്ങിയതോടെ കയറിക്കിടക്കാൻ ഇടമില്ലാതെ ആയിരങ്ങളാണ് നിസ്സഹായരായി നിൽക്കുന്നത്. ത്രിതല-തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും കേന്ദ്ര- സംസ്ഥാന ഗവൺമെന്റുകളുടെയും സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ പേരിലാണെങ്കിലും പണം അനുവദിക്കേണ്ട ഉത്തരവാദിത്വം പഞ്ചായത്തുകളുടെ മാത്രം തലയിൽക്കെട്ടിവച്ചിരിക്കുകയാണ്. ഈ പദ്ധതിയുടെ തുക രണ്ടു ലക്ഷം രൂപയായി വർദ്ധിപ്പിച്ചുവെങ്കിലും അതിനുശേഷം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായ 50,000 രൂപ ഇതുവരെ നൽകിയിട്ടില്ല. സംസ്ഥാന സർക്കാർ സഹായം കൊടുക്കാത്തതിനെത്തുടർന്നാണ് ഈ ഭവന നിർമ്മാണ പദ്ധതി താളം തെറ്റിയത്. പതിനായിരക്കണക്കിന് വീടുകളുടെ നിർമ്മാണം ഇപ്പോൾ പാതിവഴിയിലാണ്. പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര ലക്ഷം രൂപയും മറ്റു വിഭാഗക്കാർക്ക് രണ്ടു ലക്ഷം രൂപയുമാണ് ധനസഹായം പ്രഖ്യാപിച്ചത്. ആദ്യം കേന്ദ്ര വിഹിതം 48,500 രൂപയായിരുന്നു. ബാക്കി തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കണ്ടെത്തണമെന്നായിരുന്നു നിർദ്ദേശം.

ഇത് പ്രതിഷേധത്തിനിടയാക്കിയപ്പോൾ വീടൊന്നിന് 70,000 രൂപ വീതം കൊടുക്കാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചു. ഇത് നടപ്പിലാക്കാൻ ശ്രമിക്കുന്ന തിനിടെ സർക്കാർ വീണ്ടും വിഹിതം 50,000 രൂപയായി കുറച്ചു. കേന്ദ്ര സർക്കാർ സഹായമായ 48,500 രൂപയിൽ നിന്ന് 70,000 രൂപയായി വർദ്ധിപ്പിച്ചുവെന്നാണ് ന്യായം പറഞ്ഞത്. കേന്ദ്ര വിഹിതം 25,000 രൂപ വർദ്ധിപ്പിച്ചപ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം 25,000 രൂപ വെട്ടി ക്കുറച്ചു. ബാക്കി തുക തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തലയിൽ വച്ചുകൊടുത്തു. എന്നാൽ ഇതിന് ആനുപാതികമായി പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ വർദ്ധനവ് അനുവദിക്കാൻ സർക്കാർ തയ്യാറായില്ല. ഇത് പഞ്ചായത്തുകളുടെ മറ്റു വികസന പ്രവർത്തനങ്ങളെയും ബാധിച്ചു. പദ്ധതി പൊളിച്ചെഴുതാനും പണം കണ്ടെത്താനും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നെട്ടോട്ടത്തിലാവുകയും പാവങ്ങളുടെ വീട് എന്ന സ്വപ്നം പാതി വഴിയിലുമായി. കൂടാതെ, ഇന്ദിരാ ആവാസ് യോജന പദ്ധതിക്ക് വികസന ഫണ്ടിൽ നിന്ന് അധിക വിഹിതം വകയിരുത്തിയില്ലെങ്കിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അംഗീകരിക്കില്ല എന്ന ഭീഷണി 12-ാം പഞ്ചവത്സര പദ്ധതിയിൽ എഴുതിച്ചേർത്തു. കേന്ദ്ര ഗവൺമെന്റിന്റെ 70,000 രൂപ ധനസഹായമൊഴിച്ചാൽ ബാക്കിയുള്ള 1,30,000 രൂപയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ തനത് വികസന ഫണ്ടിൽ നിന്ന് വകയിരുത്തേണ്ടതായി വന്നു. സംസ്ഥാന ഗവൺമെന്റ് വിഹിതമായ 50,000 രൂപ കഴിഞ്ഞ മൂന്നുവർഷമായി ഒരു ബ്ലോക്ക് പഞ്ചായത്തിനും കൊടുത്തി ട്ടില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം കണ്ടില്ല. പല സ്റ്റേജുകളിലായി

വീടുകളുടെ നിർമ്മാണവും പാതിവഴിയിലായി. ഗുണഭോക്താക്കളിൽ 60 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരും 25 ശതമാനം പൊതുവിഭാഗവും 15 ശതമാനം ന്യൂനപക്ഷ വിഭാഗങ്ങളുമാണ്. രണ്ടു ലക്ഷം രൂപ കൊണ്ട് വീടു നിർമ്മിക്കാൻ വലിയ ബുദ്ധിമുട്ടാണ്. അതിനോടൊപ്പം സംസ്ഥാന സർക്കാർ വിഹിതം നൽകാതിരുന്നാൽ എന്തായിരിക്കും സ്ഥിതി? ഗുണഭോക്താക്കളിൽ 60 ശതമാനവും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായതിനാൽ വർഷങ്ങളായി പൂർത്തിയാകാതെ കിടക്കുന്ന വീടുകളിൽ നല്ലൊരു പങ്ക് ഈ വിഭാഗത്തിന്റേതാണ്. ഇ.എം.എസ്. ഭവന പദ്ധതിയും ഈ ഗവൺമെന്റ് പൊളിച്ചു. പാവപ്പെട്ടവരുടെ കൂര ഇന്നൊരു സ്വപ്നമായി തീർന്നിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൽ കഴിഞ്ഞ ദിവസം ഒരു റിവ്യൂ മീറ്റിംഗ് നടത്തി. കഴിഞ്ഞ മൂന്നു വർഷമായി 950 ഓളം വീടുകൾ അനുവദിച്ചതിൽ നിർമ്മാണം പൂർത്തിയായത് 15 വീടുകളാണെന്നാണ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മീറ്റിംഗിൽ പറഞ്ഞത്. നിർമ്മാണം പൂർത്തിയായ ഈ 15 വീടുകളിൽ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമില്ല. ആ പാവങ്ങളുടെ കെട്ടുതാലി പണയംവെച്ചും ബ്ലേഡിൽനിന്നും പണം എടുത്തിട്ടുമാണ് ചിലരെങ്കിലും പണി പൂർത്തീകരിച്ചത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് അവർക്ക് അതിനും കഴിയുന്നില്ല. ചില ബ്ലോക്ക് പഞ്ചായത്തുകൾ അവരുടെ ശേഷിക്കനുസരിച്ച് എല്ലാ തുകയും നൽകിയിട്ടുണ്ട്. സർക്കാരിന്റെ ഈ അലംഭാവത്തിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വീട് എന്ന സ്വപ്നമാണ് പൊലിയുന്നത്. സംസ്ഥാന സർക്കാരിന്റെ വിഹിതം അടിയന്തരമായി

നൽകാൻ തയ്യാറാകണം. മുടങ്ങിക്കിടക്കുന്ന വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ഒരു പ്രത്യേക പദ്ധതി തയ്യാറാക്കണം. ഇതുമായി ബന്ധപ്പെട്ടുകൊണ്ടും പാവപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാകാത്തതുമായി ബന്ധപ്പെട്ടുകൊണ്ടും പട്ടികജാതി ക്ഷേമസമിതിയുടെ നിയന്ത്രണത്തിൽ ഇന്ന് കേരളത്തിലെ എല്ലാ കളക്ടറേറ്റുകളിലും ധർണ്ണ നടക്കുകയാണ്. നിയമസഭാ മന്ദിരത്തിന്റെ മുമ്പിൽ ഇപ്പോൾ ധർണ്ണ നടന്നുകൊണ്ടിരിക്കുകയാണ്. ഈ വിഷയം ഗൗരവത്തിൽ കാണണം. ഞാൻ on the spot-ൽ പോയി പഠിച്ചതിന്റെ ഭാഗമായിട്ടാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമായി ഒരു തുകപോലും ബ്ലോക്ക് പഞ്ചായത്തിന് പ്ലാൻ ഫണ്ടിൽ അനുവദിച്ചിട്ടില്ല. അതിന്റെ എറ്റവും വലിയ ദുരിതം അനുഭവിക്കുന്നത് പാവപ്പെട്ട പട്ടികജാതിക്കാരാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഏറ്റവും നല്ലൊരു പദ്ധതി ഈ കേരളത്തിൽ പൊളിയുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ബഹുമാനപ്പെട്ട എ. കെ. ബാലൻ, എല്ലാ ആദരവോടും കൂടി ഞാൻ പറയട്ടെ, അങ്ങിവിടെ പറഞ്ഞതെല്ലാം അയാഥാർത്ഥ്യങ്ങളും സത്യവിരുദ്ധവുമാണ്. ഈ പദ്ധതി പൊളിയുകയല്ല, നന്നായി നടക്കുന്നുണ്ട്. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, 2011-ൽ അങ്ങ് സ്ഥാനമൊഴിയുന്നതുവരെ ഇന്ദിരാ ആവാസ് യോജനയിൽ ഒരു വീട് നിർമ്മിക്കാൻ കൊടുത്തിരുന്നത് പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് ഒന്നര ലക്ഷം രൂപയുമായിരുന്നു. ഈ സർക്കാർ അത് പട്ടികജാതി വിഭാഗത്തിന് രണ്ടു ലക്ഷം

രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര ലക്ഷം രൂപയുമാക്കി വർദ്ധിപ്പിച്ചു. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഭവനനിർമ്മാണത്തിനുള്ള ഒരു പദ്ധതിയാണ് ഇന്ദിരാ ആവാസ് യോജന. ഈ പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി ഗുണഭോക്താക്കൾക്ക് 2012-13 വരെ കേന്ദ്ര സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് 48,500 രൂപയായിരുന്നു. അതിൽ കേന്ദ്ര വിഹിതം 36,350 രൂപയും സംസ്ഥാന വിഹിതം 12,150 രൂപയുമാണ്. കേന്ദ്ര സർക്കാർ 2013-14 വർഷം മുതൽ യൂണിറ്റ് കോസ്റ്റ് 70,000 രൂപയായി വർദ്ധിപ്പിച്ചു. സംസ്ഥാന സർക്കാർ 2010-11 വരെ ജനറൽ വിഭാഗം, പട്ടികജാതി വിഭാഗം, പട്ടികവർഗ്ഗ വിഭാഗം എന്നിവർക്ക് യഥാക്രമം 75,000 രൂപ, ഒരു ലക്ഷം രൂപ, ഒന്നര ലക്ഷം രൂപ എന്നീ നിരക്കിലായിരുന്നു നൽകിയിരുന്നത്. അത് 2011-12 വർഷം മുതൽ ഇപ്പോഴത്തെ ഗവൺമെന്റ് ഒരു വീടിന് പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും രണ്ടു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് രണ്ടര ലക്ഷം രൂപയുമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചു. വർദ്ധിപ്പിച്ച തുകയിൽ യൂണിറ്റ് കോസ്റ്റിനു പുറമേയുള്ള അധിക തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ-പഞ്ചായത്തുകൾ അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും 25:50:25 എന്ന അനുപാതത്തിൽ നൽകാൻ ഉത്തരവായി. സർക്കാർ നിശ്ചയിച്ച തുകയ്ക്ക് മേലുള്ള അധിക തുക പൂർണ്ണമായും കണ്ടെത്തുന്നതിന് പഞ്ചായത്തുകൾക്കുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് 2012-13 മുതൽ ചരിത്രത്തിലാദ്യമായിട്ടാണ് ഐ.എ.വൈ. പദ്ധതിക്ക് സംസ്ഥാന ഗവൺമെന്റ് കോൺട്രിബ്യൂഷൻ വയ്ക്കുന്നത്. നിങ്ങളാരും ഒരു തുകപോലും ഇതിനായി വച്ചിരുന്നില്ല. സംസ്ഥാന

ഗവൺമെന്റ് 2012-13 മുതൽ 75,000 രൂപയും 2013-14 മുതൽ 50,000 രൂപയും നൽകാൻ ഈ സർക്കാർ തീരുമാനിച്ചു. എന്നുമാത്രമല്ല, 2012-13-ൽ അധിക വിഹിതമായി നൽകേണ്ട 336.76 കോടി രൂപയിൽ നിന്നും 209.75 കോടി രൂപ നൽകിക്കഴിഞ്ഞു. അവശേഷിക്കുന്ന പണം നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്. ഇന്ന് വൈകുന്നേരം മുഖ്യമന്ത്രി ഒരു യോഗം വിളിച്ചിട്ടുണ്ട്. ആ തുക കൊടുക്കും. അങ്ങ് മനസ്സിലാക്കേണ്ട കാര്യം ഈ പദ്ധതി പൊളിയുകയല്ല. പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ ഇതിനായി പണം വകയിരുത്തണം. പഞ്ചായത്തുകളുടെ സാമൂഹ്യ ബാദ്ധ്യതയാണ് ഭവന രഹിതരായ ആളുകൾക്ക് - പൊതുവിഭാഗമാണെങ്കിലും എസ്.സി./എസ്.ടി. ആണെങ്കിലും വീട് നൽകുകയെന്നത് സർക്കാരിന്റെ കടമയാണ്. ഈ പദ്ധതിക്ക് പ്രയാസങ്ങളുണ്ടായിട്ടുണ്ടെങ്കിലും അത് പരിഹരിക്കുകയും ആവശ്യമായ ഫണ്ട് പഞ്ചായത്തുകൾക്ക് വൈകാതെ കൊടുക്കുകയും ചെയ്യുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഞാൻ പറഞ്ഞതെല്ലാം അവാസ്തവം എന്ന് പറയുമെന്നാണ് വിചാരിച്ചത്. പക്ഷെ ഏതെങ്കിലും കാര്യത്തിൽ തെറ്റുണ്ട് എന്ന് അദ്ദേഹം പറഞ്ഞില്ല. പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷം രൂപ എന്നുള്ളത് രണ്ടു ലക്ഷം രൂപയാക്കി. പട്ടികവർഗ്ഗ വിഭാഗത്തിന് ഒന്നര ലക്ഷം രൂപ എന്നുള്ളത് രണ്ടര ലക്ഷം രൂപയുമാക്കി. ഈ തുകയുടെ കാര്യം ശരിയാണ്. 2012-13-ൽ 336.76 കോടി രൂപ കൊടുക്കേണ്ടിടത്ത് 209.75 കോടി രൂപയാണ് കൊടുത്തതെന്നാണ് ബഹുമാനപ്പെട്ട മന്ത്രിതന്നെ പറയുന്നത്. അപ്പോൾ ഏകദേശം 136

കോടി രൂപയോളമുണ്ട്. മാത്രമല്ല, ഈ ഫണ്ട് പഞ്ചായത്തുകൾക്ക് കിട്ടിയില്ല. പ്ലാൻ ഫണ്ടിൽ അവസാനം വന്ന ട്രഷറി നിയന്ത്രണത്തിന്റെ ഭാഗമായി ആ ഫണ്ട് താഴെ തലത്തിലേക്ക് പോയില്ല. ഞാൻ പഞ്ചായത്തിൽ പോയി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയിട്ടാണ് പറയുന്നത്. 89000 വീടുകളിൽ എത്ര വീടുകളാണ് ഇപ്പോൾ പൂർത്തീകരിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയുടെ കയ്യിൽ കണക്കുണ്ടോ? 2013–14–ൽ രണ്ടുലക്ഷം രൂപയുടെ വിഹിതമെന്ന് പറയുന്നത് കേന്ദ്ര സർക്കാരിന്റെ 70,000 രൂപയും സംസ്ഥാന സർക്കരിന്റെ 50,000 രൂപയുമുൾപ്പെടെ 1,20,000 രൂപയാണ്. ബാക്കി തുകയായ 80,000 രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് എടുക്കേണ്ടത്.

മി. ചെയർമാൻ: യെസ്........യെസ്..........

ശ്രീ. എ.കെ. ബാലൻ: ഇതിൽ ചെറിയൊരു വ്യത്യാസമുണ്ട്. 25 ശതമാനം – 20,000 രൂപ പഞ്ചായത്തും 40 ശതമാനം – 32,000 രൂപ ബ്ലോക്ക് പഞ്ചായത്തും 35 ശതമാനം – 28,000 രൂപ ജില്ലാ പഞ്ചായത്തും കൊടുക്കണം. അങ്ങനെ 80,000 രൂപ കൊടുക്കണം. പഞ്ചായത്തുകൾക്ക് പണം നീക്കി വയ്ക്കാൻ കാശില്ല. പഞ്ചായത്തിന്റെ വിഹിതം കുറച്ചു. 1500 കോടിയോളം രൂപ പഞ്ചായത്തിന് നീക്കിവച്ച ബഡ്ജറ്ററി അലോക്കേഷനിൽത്തന്നെ കുറവുവന്നു. ഈ ഫണ്ട് അവർക്ക് വിനിയോഗിക്കാൻ സാധിച്ചില്ല. താങ്കളുടെ വകുപ്പിൽ നിന്നും കൊടുക്കേണ്ട പണം താങ്കളുടെ വകുപ്പായ ബ്ലോക്ക് പഞ്ചായത്ത് കൊടുക്കാൻ തയ്യാറാണ്. ഗവൺമെന്റ് വിഹിതമായ 50,000 രൂപ കൊടുത്താൽ മാത്രമേ രണ്ടുലക്ഷത്തിന്റെ പണി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് എല്ലാകാര്യങ്ങളും അറിയാവുന്നതല്ലേ. അങ്ങ് അങ്ങയുടെ ഇഷ്ടത്തിന് ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. ഉപചോദ്യം മാത്രം ചോദിച്ചാൽ മതി. ഇപ്പോൾ തന്നെ മൂന്നു മിനിട്ടായി.

ശ്രീ. എ.കെ. ബാലൻ: ബാക്കിയുള്ള നൂറുകോടിയിലധികം തുക, ഫണ്ട് ലഭിക്കാത്ത സ്ഥലങ്ങളിൽ ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് എന്തെങ്കിലും സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമോ?

ശ്രീ. കെ.സി. ജോസഫ്: സർ, പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നാണ് പണം ചെലവഴിക്കുന്നത്. പ്ലാൻ ഫണ്ടിൽ പണം വകയിരുത്തിയിട്ടുണ്ട്. ഫണ്ട് നൽകുന്നില്ലെന്ന പരാതി ഇതുവരെ പഞ്ചായത്തുകളിൽനിന്ന് സർക്കാരിന് ലഭിച്ചിട്ടില്ല. 2012–13-ൽ തുകയൊന്നും കൊടുത്തിട്ടില്ലെന്ന് അങ്ങ് പറഞ്ഞത് ശരിയല്ല, സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. 209.75 കോടി രൂപ കൊടുത്തുകഴിഞ്ഞു. ബാക്കി തുക നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി ഇന്ന് മുഖ്യമന്ത്രി യോഗം വിളിച്ചിട്ടുണ്ട്. ഗവൺമെന്റിന്റെ മുൻഗണനാ പദ്ധതിയാണ് ഐ.എ.വൈ ഭവന നിർമ്മാണം. അതിന് ഒരു വീഴ്ചയും സംഭവിക്കില്ല. അങ്ങയുടെ ഭരണകാലത്തേക്കാൾ പണം വകയിരുത്തിയതും കൊടുത്തതും ഈ മന്ത്രിസഭയുടെ കാലത്താണെന്ന കാര്യം വിസ്മരിക്കരുത്.

(സബ്മിഷൻ)